## II ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

9.30 AM]

മി. സ്പീക്കർ : ഓർഡർ....... ഓർഡർ..... നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ബഹുമാനപ്പെട്ട രണ്ടംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. വി. ശശി എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. ഐ. സി. ബാലകൃഷ്ണനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. രമേശ് ചെന്നിത്തല നിർദ്ദേശിക്കുകയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പിന്താങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. പി. ജെ. ജോസഫ് പിന്താങ്ങുകയും ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി നിർദ്ദേശിക്കുകയും ശ്രീ. ഉമ്മൻ ചാണ്ടി പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. ഐ. സി. ബാലകൃഷ്ണനു വേണ്ടിയുള്ള പത്രികകൾ. ശ്രീ. വി. ശശിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ നിർദ്ദേശിക്കുകയും ശ്രീ. എൽദോ എബ്രഹാം പിന്താങ്ങുകയും ശ്രീ. എ. കെ. ബാലൻ നിർദ്ദേശിക്കുകയും ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പിന്താങ്ങുകയും ശ്രീ. എ. കെ. ശശീന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ. സി. കെ. നാണു പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. വി. ശശിക്കുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ഇംഗ്ലീഷ് അക്ഷര മാലാക്രമത്തിൽ ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ പേര് ആദ്യത്തേതായും ശ്രീ. വി. ശശിയുടെ പേര് രണ്ടാമത്തേതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാതെ മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്.വോട്ട് രേഖപ്പെടുത്തുന്നതിനായി ഇവിടെ വച്ചിട്ടുള്ള പേന തന്നെ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. നിയമ സഭാംഗങ്ങളുടെ പേര് സെക്രട്ടറി (ഇൻ-ചാർജ്) ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷ വേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾ പോൾ അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. വോട്ടെടുപ്പ് പൂർത്തിയായതിനുശേഷം ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. മാധ്യമങ്ങൾക്ക് അംഗങ്ങൾ കയറി വരുന്ന ചിത്രവും വോട്ട് രേഖപ്പെടുത്തിയ ശേഷം ബാലറ്റ് പേപ്പർ ഇടുന്ന ചിത്രവും എടുക്കാവുന്നതാണ്. എന്നാൽ വോട്ട് രേഖപ്പെടുത്തുന്നത് ഷൂട്ട് ചെയ്യാനോ ചിത്രം എടുക്കാനോ ഒരു കാരണവശാലും പാടില്ലാത്തതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ശ്രീമതി പി. ജയലക്ഷ്മി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. വി. ശശി, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, നോമിനേറ്റഡ് അംഗം ശ്രീ. ജോൺ ഫെർണാണ്ടസ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. സർവ്വശ്രീ സി. മമ്മൂട്ടി, ഒ. രാജഗോപാൽ, കെ. കൃഷ്ണൻകുട്ടി, അനൂപ് ജേക്കബ് എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.)

മി. സ്പീക്കർ : നിയമസഭാംഗങ്ങളുടെ പേര് യഥാക്രമം വായിച്ചു കഴിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും അംഗങ്ങൾ വോട്ട് ചെയ്യാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ ഇപ്പോൾ ചെയ്യാവുന്നതാണ്. ഇനി ആരും വോട്ട് ചെയ്യാനില്ലെന്ന് കരുതുന്നു. വോട്ടെടുപ്പ് പൂർത്തിയായിരിക്കുകയാണ്. വോട്ടെണ്ണൽ ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരാൾ വച്ച് രണ്ട് അംഗങ്ങൾക്ക് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(ശ്രീ. വി. ശശിയുടെ ഏജന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ഏജന്റ് ശ്രീ. വി. പി. സജീന്ദ്രൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു)



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓർഡർ...ഓർഡർ.... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. ഐ. സി. ബാലകൃഷ്ണന് 45 വോട്ടും ശ്രീ. വി. ശശിക്ക് 90 വോട്ടും കിട്ടിയിരിക്കുന്നു. ഒരു വോട്ട് അസാധുവാണ്. ശ്രീ. വി. ശശിയെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കുന്നു.

ശ്രീ. വി. ശശിയെ ചെയറിന്റെ അഭിനന്ദനം അറിയിക്കുന്നു. കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകാലമായി പൊതുരംഗത്തും ഔദ്യോഗികരംഗത്തും സജീവമായി നിലകൊണ്ട വ്യക്തിയാണ് ശ്രീ. വി. ശശി. അദ്ദേഹം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഉന്നതപദവികൾ വഹിച്ചിട്ടുണ്ട്. ആ പദവികൾ പൊതുപ്രവർത്തന രംഗത്ത് അദ്ദേഹത്തിന് സഹായകരമായി തീരുകയുണ്ടായി. 13-ാം കേരള നിയമസഭയിലേക്ക് ചിറയിൻകീഴ് മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തന്റെ ഔദ്യോഗിക പ്രവർത്തന പരിചയം ഒരു ജനപ്രതിനിധിയെന്ന നിലയിൽ വിനിയോഗിക്കുന്നതിൽ വലിയ കഴിവാണ് തെളിയിച്ചത്. മഹത്തായ പാരമ്പര്യങ്ങൾ പുലർത്തുന്ന ഈ സഭയുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട വി. ശശിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം അദ്ദേഹത്തെ സ്ഥാനം ഏറ്റെടുക്കുന്നതിനായി ക്ഷണിക്കുന്നു.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ സീറ്റിൽ ഉപവിഷ്ടനായി.)

## III അടിയന്തര പ്രമേയം

### സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

മി. സ്പീക്കർ : പുതിയ ഗവൺമെന്റ് അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയും ഭരണകക്ഷി സംഘടനകളുടെ നിർദ്ദേശങ്ങളനുസരിച്ചും രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തിയും നടത്തിക്കൊണ്ടിരിക്കുന്ന വ്യാപകമായ സ്ഥലംമാറ്റംമൂലം സിവിൽ സർവ്വീസിലുണ്ടായിട്ടുള്ള അസംതൃപ്തിയും ജീവനക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനം മാത്രമേ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുകയുള്ളു. ഇലക്ഷന്റെ മുന്നോടിയായി പെരുമാറ്റച്ചട്ടം നിലവിൽ വന്നതു

LIBRARY ARCHIVES Kerala Legislative Assembly